(സി) ഓരോ ഔഷധ നിർമ്മാതാവും അവരുടെ കമ്പനിയിൽ അവർ നിർമ്മിക്കുന്ന മരുന്നുകൾ പരിശോധിച്ചശേഷമാണ് വിപണിയിൽ ഇറക്കുന്നത്. പ്രസ്തുത മരുന്നുകൾ വിൽപ്പനയ്ക്കായി വിപണിയിൽ എത്തിയശേഷമാണ് ഡ്രഗ്സ് ഇൻസ്പെക്ടർമാർ മരുന്നുകൾ പരിശോധനയ്ക്ക് എടുക്കുന്നത്. വകുപ്പിൽ വരിക്കുന്ന പരാതിയുടെ അടിസ്ഥാനത്തിൽ എടുക്കുന്ന മരുന്ന് സാമ്പിളുകളൊഴികെ മറ്റ് പരിശോധനയ്ക്കെടുക്കുന്ന മരുന്നുകളുടെ വിൽപ്പന തടയാറില്ല. സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ 11508 സാമ്പിളുകൾ പരിശോധനയ്ക്കെടുക്കുകയും അവയിൽ 489 എണ്ണം നിശ്ചിത ഗുണനിലവാരമില്ലാത്തതായി കണ്ടെത്തുകയുമുണ്ടായി. ഇതിൽ 87 എണ്ണത്തിൽ ഡിപ്പാർട്ടുമെന്റ് പ്രോസിക്യൂഷൻ നടപടികൾ ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് കഴിഞ്ഞ മൂന്നുവർഷത്തിനിടയിൽ നിശ്ചിത ഗുണനിലവാരമില്ലാത്തതായി പ്രഖ്യാപിച്ച 489 മരുന്നുകളുടെയും വിൽപ്പന തടഞ്ഞിട്ടുണ്ട്.

(ഡി) മരുന്നുകൾ നിർമ്മാതാക്കളുടെ ലബോറട്ടറിയിൽ പരിശോധിച്ച ശേഷമാണ് വിൽപ്പനയ്ക്കായി മൊത്തവിതരണ സ്ഥാപനങ്ങളിൽ എത്തുന്നത്. പ്രസ്തുത സ്ഥാപനങ്ങൾ വകുപ്പിലെ ഡ്രഗ്സ് ഇൻസ്പെക്ടർമാർ കാലാകാലങ്ങളിൽ പരിശോധിക്കുകയും മരുന്നു സാമ്പിളുകൾ പരിശോധനയ്ക്ക് എടുക്കാറുമുണ്ട്.

നിർമ്മാതാവിന്റെ ലബോറട്ടറിയിൽ പരിശോധിച്ച് ഗുണനിലവാരം ഉറപ്പാക്കിയതിനുശേഷമേ മരുന്ന് വിൽപ്പനയ്ക്കായി വിപണിയിൽ എത്തിക്കാവൂ എന്നാണ് ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിൽ അനുശാസിക്കുന്നത്. കേന്ദ്ര നിയമമായ ഡ്രഗ്സ് ആന്റ് കോസ്മെറ്റിക്സ് ആക്ട് & റൂൾസിൽ ഭേദഗതി വരുത്തിയാൽ മാത്രമേ ഇക്കാര്യം സാധ്യമാവുകയുള്ളൂ.

108 ആംബുലൻസിന്റെ സേവനദാതാവായിരുന്ന സികിത്സയെ മാറ്റാനിടയായ സാഹചര്യം

14 (*644) ഡോ. കെ. ടി. ജലീൽ :
ശ്രീ. കോറിയക്കോട് എൻ. കൃഷ്ണൻ നായർ :
ശ്രീ. വി. പൊന്നാമരാക്ഷൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നേരത്തെ 108 ആംബുലൻസിന്റെ സേവന ദാതാവായിരുന്ന 'സികിത്സ' ഹെൽത്ത് കെയർ-നെ മാറ്റാനിടയായ സാഹചര്യം അറിയിക്കാമോ ; അവർക്കെതിരെ സംസ്ഥാനത്ത് ഉയർന്നുവന്നിരുന്ന ആരോപണങ്ങൾ എന്തെല്ലാമായിരുന്നു ;

(ബി) ഈ കമ്പനിക്കെതിരെ കേരളത്തിൽ ഉയർന്നുവന്ന ആരോപണങ്ങൾക്ക് സമാനമായ ആരോപണങ്ങൾ ഉയർന്നുവന്നതിനെ തുടർന്നുള്ള പരിശോധനയിൽ രാജസ്ഥാൻ ഗവൺമെന്റ് കമ്പനിക്കെതിരെ കേസ്സെടുത്ത കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) മുഖ്യമന്ത്രിയുടെ മുൻ സാമ്പത്തിക ഉപദേഷ്ടാവുൾപ്പെടെയുള്ള നിരവധി പ്രമുഖർ കേസ്സിൽ ഉൾപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്ത് നേരത്തെ ഉയർന്നുവന്ന ആരോപണങ്ങളുടെ അടിസ്ഥാനത്തിൽ കേസ്സെടുത്ത് കേന്ദ്ര ഏജൻസിയെകൊണ്ട് അന്വേഷിപ്പിക്കാൻ തയ്യാറാകുമോ ;

(ഡി) നിലവിലെ സേവനദാതാവ് ആരെന്നും, ആ സ്ഥാപനത്തിന്റെ ഉടമസ്ഥരുടെ പേരുവിവരവും നൽകാമോ ; രാജസ്ഥാൻ സർക്കാർ കേസ്സെടുത്തിരിക്കുന്ന തട്ടിപ്പുകാർ തന്നെയാണ് കേരളത്തിലെ പുതിയ സേവനദാന സ്ഥാപനത്തിന്റെ പുറകിലുമെന്ന ആരോപണത്തെക്കുറിച്ച് അന്വേഷണം നടത്താൻ തയ്യാറാകുമോ ?

ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. വി. എസ്. ശിവകുമാർ):

(എ) സംസ്ഥാനത്ത് 2010 മേയ് 19 മുതൽ '108' ആംബുലൻസുകളുടെ ഓപ്പറേറ്റിംഗ് ഏജൻസിയായിരുന്നു സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡ്. ടി ഏജൻസിയുടെ കരാർ കാലാവധി 15-10-2013-ൽ അവസാനിച്ചതിനാൽ തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 108 ആംബുലൻസുകളുടെ സർവ്വീസ് നടത്തുന്നതിനുവേണ്ടി കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷൻ പുതിയ ഒരു ടെൻഡർ വിളിക്കുകയും നിലവിലുണ്ടായിരുന്ന റേറ്റിനേക്കാൾ കുറഞ്ഞ പ്രൈസ് ബിഡ് റേറ്റ് കാട്ട് ചെയ്യുകയും ചെയ്ത ജി.വി.കെ. എമർജൻസി മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് എന്ന സ്ഥാപനത്തിന്റെ ടെൻഡർ സർക്കാർ അംഗീകരിക്കുകയും ചെയ്തു. തുടർന്ന് 2013 ഒക്ടോബർ 16 മുതൽ ജി.വി.കെ. എമർജൻസി മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ 108 ആംബുലൻസുകളുടെ പ്രവർത്തനം നടത്തിവരുന്നു. പ്രസ്തുത ടെണ്ടറിൽ സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡ് പങ്കെടുത്തിരുന്നില്ല. മുൻ ഓപ്പറേറ്റിംഗ് ഏജൻസിയായ സികിത്സ ഹെൽത്ത് കെയർ ലിമിറ്റഡ് എന്ന കമ്പനിക്കെതിരെ ശരിയായ രീതിയിൽ വാഹനങ്ങളുടെ അറ്റകുറ്റപ്പണികൾ നടത്താതിരിക്കുക, വാഹനങ്ങൾ ഓടിക്കാതെ ബില്ലുകൾ സമർപ്പിക്കുക എന്നിവ തുടങ്ങി നിരവധി ആരോപണങ്ങൾ ഉയർന്നുവന്നിരുന്നു.

(ബി) മാധ്യമങ്ങളിൽ ഇത്തരത്തിലുള്ള വാർത്തകൾ വന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) നിലവിൽ സംസ്ഥാന ആഭ്യന്തരവകുപ്പിന്റെ വിജിലൻസ് വിഭാഗം അന്വേഷണം നടത്തിവരികയാണ്.

(ഡി) നിലവിൽ സംസ്ഥാനത്ത് ജി.വി.കെ. എമർജൻസി മാനേജ്മെന്റ് ആന്റ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ടാണ് തിരുവനന്തപുരം, ആലപ്പുഴ ജില്ലകളിൽ '108' ആംബുലൻസുകളുടെ പ്രവർത്തനം നടത്തിവരുന്നത്. രാജസ്ഥാൻ സർക്കാർ കേസ്സെടുത്തിരുന്ന തട്ടിപ്പുകാർ തന്നെയാണ് കേരളത്തിലെ പുതിയ സേവനദാന സ്ഥാപനത്തിന്റെ പുറകിലുമെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly